**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 140** **04-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖല സ്ഥാപനങ്ങളുടെ വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുമേഖല സ്ഥാപനങ്ങളുടെ വിൽപ്പന കേന്ദ്ര സർക്കാർ മുന്നോട്ട് കൊണ്ടുപോവുകയും ഇപ്പോൾ ദേശീയപാതയും റെയിൽവേ സ്റ്റേഷനുകളും ഉൾപ്പെടെയുള്ള പൊതുസ്വത്തുക്കൾ കൂടി സ്വകാര്യമേഖലയ്ക്ക് വിൽക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുള്ളത് സംസ്ഥാനത്തെ ജനങ്ങളുടെ അവകാശം ഹനിക്കുന്നതാകയാൽ ഈ നടപടികളിൽ നിന്ന് പിന്തിരിയാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ സ്വകാര്യവത്ക്കരണ നയം സംസ്ഥാനത്തെ ജനങ്ങളെ ആകെ ആശങ്കപ്പെടുത്തുന്നതാണെന്നും ഇത്തരം നടപടികളിൽ നിന്നും പിന്തിരിയണമെന്നുമുള്ള സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നതുമൂലം സംസ്ഥാനത്തി ന്റെ വ്യവസായ പുരോഗതിയും പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടും പരോക്ഷമായും തൊഴിൽ ചെയ്തു വരുന്ന തൊഴിലാളികളെയും പ്രസ്തുതസ്ഥാപനങ്ങളെ ആശ്രയിച്ച് വരുന്ന അനുബന്ധ വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപിനെയും സാരമായി ബാധിക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, BPCL, BEML എന്നീ സ്ഥാപനങ്ങൾ നീതി ആയോഗിന്റെ ശുപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചു. ഇതിനെതുടർന്ന് ഇവയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണം എന്ന് ആവശ്യപ്പെട്ട് നിരവധി തവണ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. നീതി ആയോഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, കാസർഗോഡ് ജില്ലയിലെ ഭേൽ -ഇ എം എൽ എന്നീ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ കേരള സർക്കാർ |

ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിന്റെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രം തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഏറ്റെടുക്കുന്ന കാര്യം കേരളം പരിഗണിക്കുകയും G.O.(Ms)No: 52/2018/ID dated 20.07.2018 പ്രകാരം ബുക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മൊത്ത ആസ്തി മൂല്യം ( Net Asset Value) 53.02 കോടി രൂപയായി കണക്കാക്കി സ്ഥാപനം ഏറ്റെടുക്കാൻ ഉത്തരവായി. ഇത് സംബന്ധിച്ച് പരസ്പര ചർച്ചയ്ക്ക് ശേഷം തയ്യാറാക്കിയ കരട് MoU കേന്ദ്ര കാബിനറ്റ് അംഗീകരിക്കുന്നതിനായി നൽകിയിട്ടും നാളിതുവരെ അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. അതിനിടെ പ്രസ്തുത സ്ഥാപനം നിലനില്ക്കുന്ന പാലക്കാട്ടെ ഭൂമിയുടെ വിലകൂടി Asset (ആസ്തി) ആയി കണക്കാക്കണം എന്ന നിലപാടാണ് കേന്ദ്ര തലത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരളം വ്യവസായ ആവശ്യത്തിനായി ഏറ്റെടുത്ത് സൗജന്യമായി നല്കിയ 123.12 ഏക്കർ ഭൂമിയുടെ വില കൂടി നൽകണമെന്ന കേന്ദ്ര ആവശ്യം ഇക്കാര്യത്തിലുള്ള പുരോഗതി മന്ദീഭവിപ്പിച്ചു. ഇത് സംബന്ധിച്ച് വിവിധ കത്തുകളിലൂടെ കേരളത്തിന്റെ സമീപനം ബോധ്യപ്പെടുത്തിയിരിക്കുകയാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട് കേന്ദ്രസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയി ലുള്ളതാണ്. 2010 മേയ് മാസം മുതൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന്റെ Rolling Stock Manufacturing Unit സ്ഥാപിക്കുന്നതിനായി 1000 ഏക്കർ ഭൂമി അനുവദിക്കണമെന്ന് കേന്ദ്രസർക്കാർ അഭ്യർത്ഥിച്ചതനുസരിച്ച് 374 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ടവ്യവസ്ഥയിൽ 'കിൻഫ്ര' മുഖാന്തിരം നൽകിയിട്ടുണ്ട്. ഇതിൽ 170 ഏക്കർ ഭൂമി അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ആഗോള ടെൻഡറുകൾ വഴി ധാരാളം ഓർഡറുകൾ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ട്. അത്തരമൊരു ലാഭമൊരുക്കലിന്റെയും തന്ത്രപരമായി പ്രധാനപ്പെട്ട കമ്പനി ഷെയറുകളുടെയും ഓഹരികൾ വിറ്റഴിക്കരുതെന്ന നിരന്തരമായ ആവശ്യങ്ങൾ വിവിധ തലങ്ങളിൽ ഉയർന്ന സാഹചര്യം കണക്കിലെടുത്ത് 2016 ഒക്ടോബറിൽ, ഈ ദിശയിലേക്കുള്ള മുൻനീക്കം മുന്നോട്ട് പോയിട്ടില്ല. എങ്കിലും 05.01.2021 ൽ ബഹു. പ്രധാനമന്ത്രിക്ക് മുകളിൽ പറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും

| | | | |
|---|---|---|---|
| | | | ഓർമ്മപ്പെടുത്തി ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്ക്കരി- ക്കരുതെന്ന് ആവശ്യപ്പെട്ട് കത്ത് അയച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്ന ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു.പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനറിയുടെ സ്വകാര്യ വത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തിരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ബി) | പൊതുസ്വത്ത് സ്വകാര്യമേഖലയ്ക്ക് നൽകി അതിന് യൂസർഫീ ഏർപ്പെടുത്തി ജനങ്ങളെ ചൂഷണം ചെയ്യുന്ന തരത്തിലുള്ള കേന്ദ്ര സർക്കാർ സമീപനത്തോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; | (ബി) | പൊതുസ്വത്ത് സ്വകാര്യമേഖലയ്ക്ക് നൽകി അതിന് യൂസർഫീ ഏർപ്പെടുത്തി ജനങ്ങളെ ചൂഷണം ചെയ്യുന്ന തരത്തിലുള്ള കേന്ദ്ര സർക്കാർ സമീപനത്തോട് സംസ്ഥാന സർക്കാരിന് പൂർണ്ണ വിയോജിപ്പാണ്. ഈ നയത്തോടുള്ള സംസ്ഥാന സർക്കാരിന്റെ എതിർപ്പ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം വിമാനത്താവളം അദാനി ഗ്രൂപ്പിന് കൈമാറാൻ കേന്ദ്ര സർക്കാർ നീക്കം ത്വരിതപ്പെടുത്തിയിട്ടുള്ളതിനെതിരെ സംസ്ഥാന സർക്കാരിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ നിയമപരമായി സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ